ഉത്തരം

(എ) ശ്രീ. കെ. വി. ജയപ്രസാദിന്റെ അവകാശികൾക്കർഹതയുള്ള ഫാമിലി പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും ടിയാന്റെ ഫൈനൽ എൻ.എൽ.സി. ലഭിച്ചിട്ടില്ലാത്തതിനാൽ ഗ്രാറ്റുവിറ്റി അനുവദിച്ചിട്ടില്ലെന്നും എൻ.എൽ.സി. ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ആശ്രിത നിയമനത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ നിയമാനുസൃതമായ നടപടികൾ നടന്നുവരുന്നതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ഡിസലൈനേഷൻ പ്ലാന്റുകൾ

120 (6825) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡിസലൈനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ ; വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എത്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത് ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എത്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതികൾ പരിഗണനയിലുണ്ട്. ആലപ്പുഴ ജില്ലയിൽ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ, പിങ്ങോലി, കാർത്തികപ്പള്ളി, മുതുകുളം എന്നീ പഞ്ചായത്തുകൾക്കുവേണ്ടി വരണാംശമുള്ള ജലം ശുദ്ധീകരിക്കാൻ ഡിസലൈനേഷൻ പ്ലാന്റ് ഉൾപ്പെടെയുള്ള ഒരു പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയത് പരിഗണനയിലാണ്. ഇതുകൂടാതെ എറണാകുളം ജില്ലയിലെ കുമ്പളങ്ങിയിൽ കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്നതിനുള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് ഒരു എം.എൽ.ഡി. ജലവും ഒരു മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്. പ്രസ്തുത റിപ്പോർട്ട് വിശദമായ പരിശോധനയിലാണ്. കൂടാതെ, കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവംമൂലം

LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പ്രത്യേകിച്ചും തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിച്ചു വരുന്നു. ഉപയോഗശൂന്യമാകുന്ന ഉവുണ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ചെറുകിട റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഉവുണാംശം അധികമായ ജലം റിവേഴ്സ് ഓസ്മോസിസ് സാങ്കേതികവിദ്യ ഉപയോഗിച്ച് ശുദ്ധീകരിച്ചു കുടിവെള്ളം ആയി നൽകാനാണ് ഉദ്ദേശിക്കുന്നത്. മേൽപറഞ്ഞിട്ടുള്ള പദ്ധതിയുടെ ദർഘാസ് നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവംമൂലം ശുദ്ധജലക്ഷാമം രൂക്ഷമായ തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും ജലത്തിൽ അടങ്ങിയിരിക്കുന്ന ഉവുണാംശങ്ങൾ മാറ്റി ശുദ്ധജലം നൽകുന്നതിനുവേണ്ടിയാണ് ഇത്തരം ശുദ്ധീകരണശാലകൾ നിർമ്മിക്കാൻ ഉദ്ദേശ്യമിടുന്നത്.

(സി) ചെറുകിട റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ ദർഘാസ് നടപടിയിലൂടെ അനുയോജ്യരായ കരാറുകാരെ കണ്ടെത്തി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. മറ്റ് പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) വൻ ജല ഉത്പാദനശേഷിയുള്ള പദ്ധതികൾ എസ്.എൽ.എസ്. എസ്.സി.-യിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കുകയാണെങ്കിൽ കേന്ദ്രസഹായം പ്രതീക്ഷിക്കുന്നു. ചെറുകിട റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ നൂതന സാങ്കേതികവിദ്യ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക ചെലവാക്കി 19 പ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശ്യമിടുന്നത്.

(ഇ) 19 പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനുമായിട്ടുള്ള ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് പ്ലാന്റ് സ്ഥാപിക്കുന്നതിനും ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ജല അതോറിറ്റി ഒരുക്കുന്നതാണ്. ഗുണനിലവാര സർവ്വെയുടെ അടിസ്ഥാനത്തിലാണ് പദ്ധതികൾ ഏറ്റെടുക്കുന്നത്. വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകൾ ഇതിനുള്ള പദ്ധതി നിർവ്വഹണ റിപ്പോർട്ടുകൾ തയ്യാറാക്കുകയും അതിന് ഭരണതലത്തിൽ അംഗീകാരം കിട്ടുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ സമർപ്പിച്ച് വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്ന് ലഭ്യമാക്കിയാണ് ഇത്തരം പദ്ധതികൾ നടപ്പാക്കിവരുന്നത്.

ജലവിഭവശേഷി നിലനിർത്തുന്നതിന് പദ്ധതികൾ

121 (6826) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലവിഭവശേഷി നിലനിർത്തുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly